## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 17.04.2024 മുതൽ 21.04.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 16/2024 (31) ചൊവ്വാഴ്ച | തീയ്യതി 16/04/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 17.04.2024 | 18.04. 2024 | 19.04.2024 | 20.04. 2024 | 21.04.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 5 | 5 | 3 |
| ഉയർന്ന താപനില (°C) | 40 | 40 | 39 | 39 | 39 |
| കുറഞ്ഞ താപനില (°C) | 28 | 28 | 28 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 31 | 31 | 31 | 31 | 31 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 3 | 3 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 230 | 250 | 250 | 240 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

**6കാലാവസ്ഥാ അറിയിപ്പ്: 2024 ഏപ്രിൽ 16, 17 തീയ്യതികളിൽ പാലക്കാട് ജില്ലയിൽ കൂടിയ താപനില ഏകദേശം 40⁰C ആയിരിക്കാൻ സാധ്യതയുണ്ട്.**

IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂട്ടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച)<br>പാലുറച്ച പരുവം | ബാക്ടീരിയൽ ഓലകരിച്ചിൽ | നെൽപ്പാടങ്ങളിൽ ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം കണ്ടുവരുന്നുണ്ട്. രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| മാവ് | തുള്ളൻ | മാവ് പൂവിട്ടു തുടങ്ങുന്നതിനാൽ മാവിനെ ആക്രമിക്കുന്ന തുള്ളനെയും പൂക്കളെയെ ബാധിക്കുന്ന പുഴുക്കളേയും നിയന്ത്രിക്കുന്നതിനായി 1% അസാഡിറാക്ടിൻ 2ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ തയോമെതോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചുകൊടുക്കുക. |
| പച്ചക്കറികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികൾ | അന്തരീക്ഷ താപനില ഉയർന്നു നിൽക്കുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികള് കാണാന് സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയില് ഒരിക്കല് 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കില് 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിള് ഒരു ലിറ്റര് വെള്ളത്തില് കലക്കി തളിക്കുക. |

മൃഗസംരക്ഷണം -: കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം 4 മണിക്ക് ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ല്, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക.